## പത്രക്കുറിപ്പ്

# പുരുഷന്മാരെ വശീകരിച്ച് കൊണ്ടു പോയി സ്വർണ്ണവും പണവും കവർച്ച നടത്തുന്ന സ്ത്രീ പിടിയിൽ

# മയക്കുമരുന്ന് ഉപയോഗിച്ച് വിവാഹസൽക്കാരം: നാലുപേർ പിടിയിൽ

# ജനൽകമ്പി ഇളക്കി വീട്ടിൽ കയറി മോഷണം : പ്രതി പിടിയിൽ

## പുരുഷന്മാരെ വശീകരിച്ച് കൊണ്ടു പോയി സ്വർണ്ണവും പണവും കവർച്ച നടത്തുന്ന സ്ത്രീ പിടിയിൽ

തിരുവനന്തപുരം :- പുരുഷന്മാരെ വശീകരിച്ച് കൊണ്ടു പോയി മദ്യം നൽകി അബോധാവസ്ഥയിലാക്കി കവർച്ച നടത്തി വന്ന സ്ത്രീയെ പോലീസ് പിടികൂടിയതായി ഐ.ജി.പി-യും തിരുവനന്തപുരം സിറ്റി പോലീസ് കമ്മീഷണറുമായ ബൽറാംകുമാർ ഉപാദ്ധ്യായ അറിയിച്ചു. കുന്നുകുഴി വാർഡ് ബാട്ടൺഹിൽ കോളനിയിൽ താമസം സിന്ധു (31)-നെയാണ് മെഡിക്കൽ കോളേജ് പോലീസ് അറസ്റ്റ് ചെയ്തത്.




കണ്ണേറ്റുമുക്ക് സ്വദേശിയായ യുവാവ് നൽകിയ പരാതിയുടെ അടിസ്ഥാനത്തിൽ നടത്തിയ അന്വേഷണത്തിലാണ് ഇവർ പിടിയിലായത്. ഡിസംബർ 29-ന് രാത്രി 10.00 മണിയ്ക്കാണ് പ്രതി മെഡിക്കൽ കോളേജ് ക്യാഷ്വാലിറ്റിയ്ക്ക് സമീപം വച്ച് യുവാവിനെ വശീകരിച്ച് കൊണ്ട് പോയത്. മെഡിക്കൽ കോളേജ് ജംഗ്ഷനിലെ ഗരുഡാ ലോഡ്ജിൽ വാടകയ്ക്ക് മുറി എടുപ്പിക്കുകയും അയാൾക്ക് അമിതമായി മദ്യം

നൽകി അബോധാവസ്ഥയിൽ ആക്കിയശേഷം യുവാവ് ധരിച്ചിരുന്ന മൂന്നര പവന്റെ സ്വർണ്ണമാലയും ബ്രെയ്സ്ലെറ്റും 5000/- രൂപയും മോഷ്ടിച്ചെടുത്ത് കടന്നു കളയുകയായിരുന്നു. മോഷ്ടിച്ചെടുത്ത സ്വർണ്ണാഭരണങ്ങൾ പ്രതി സിസ്റ്റു വിൽപ്പന നടത്തിയ ചാലയിലെ ജൂവലറിയിൽ നിന്നും പോലീസ് കണ്ടെടുത്തിട്ടുണ്ട്. പ്രതിയെ ചോദ്യം ചെയ്തതിൽ സമാനരീതിയിൽ കൂടുതൽ കവർച്ചകൾ ചെയ്തിട്ടുള്ളതായി പോലീസിനോട് സമ്മതിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച് കൂടുതൽ അന്വേഷണം നടത്തുമെന്ന് ഡെപ്യൂട്ടി പോലീസ് കമ്മീഷണർ ഡോ.ദിവ്യ.വി.ഗോപിനാഥ് അറിയിച്ചു. മെഡിക്കൽ കോളേജ് എസ്.എച്ച്.ഒ ഹരിലാൽ, എസ്.ഐ-മാരായ പ്രശാന്ത്, പ്രിയ, വിമൽ (ഫോർട്ട്), എസ്.സി.പി.ഒ-മാരായ രഞ്ജിത്, അനിൽ കുമാർ, പ്രീജ, സി.പി.ഒ-മാരായ പ്രതാപൻ, വിനീത്, ഗോകുൽ, സിനി എന്നിവരടങ്ങിയ പോലീസ് സംഘമാണ് അന്വേഷണത്തിനും അറസ്റ്റിനും നേതൃത്വം നൽകിയത്.

## മയക്കമരുന്ന് ഉപയോഗിച്ച് വിവാഹസൽക്കാരം : നാലുപേർ പിടിയിൽ

തിരുവനന്തപുരം :- മാരക മയക്കമരുന്നായ എം.ഡി.എം.എ-യും ഗഞ്ചാവും ഉപയോഗിച്ച് വിവാഹ സൽക്കാരം നടത്തിയതിന് നാലുപേരെ പോലീസ് പിടികൂടിയതായി ഐ.ജി.പിയും തിരുവനന്തപുരം സിറ്റി പോലീസ് കമ്മീഷണറുമായ ബൽറാംകുമാർ ഉപാദ്ധ്യായ അറിയിച്ചു. ഐ.റ്റി മേഖലയിൽ ജോലി ചെയ്യുന്നവരായ പൂജപ്പുര സ്വദേശി നന്ദു (21), കൊച്ചുവേളി സ്വദേശി അർജ്ജുൻ (28), ജഗതി സ്വദേശി കിരൺ (32), ഇവർക്ക് മയക്കമരുന്ന് എത്തിച്ച് നൽകിയ വഞ്ചിയൂർ സ്വദേശി തമ്പി എന്ന് വിളിക്കുന്ന വിഷ്ണു (25) എന്നിവരെയാണ് മണ്ണന്തല പോലീസ് അറസ്റ്റ് ചെയ്തത്. യുവാക്കളുടെ ഒരു സുഹൃത്തിന്റെ വിവാഹ സൽക്കാരത്തിന്റെ ഭാഗമായി അയാൾ എടുത്ത് നൽകിയ നാലാഞ്ചിറ സ്റ്റെപ്പ് ജംഗ്ഷന് സമീപം ഹിൽ ഗാർഡൻസിലെ ഒരു ഹോംസ്റ്റേയിലാണ് ഇവർ ഒത്തു ചേർന്ന് മയക്കമരുന്ന് പാർട്ടി നടത്തിയത്. വളരെ കുറഞ്ഞ

അളവിൽ ഉപയോഗിച്ചാലും കൂടുതൽ സമയം ലഹരി ലഭിക്കുന്ന മാരകമയക്കമരുന്ന് ആണ് എം.ഡി.എം.എ. ഇവരിൽ നിന്നും 297 മി.ഗ്രാം എം.ഡി.എം.എ-യും ഗഞ്ചാവ് പൊതികളും പോലീസ് കണ്ടെടുത്തു. ശനിയാഴ്ച പുലർച്ചെ 02.00 മണിയോടുകൂടി മണ്ണന്തല എസ്.ഐ ഗോപിചന്ദ്രന് ലഭിച്ച രഹസ്യവിവരത്തിന്റെ അടിസ്ഥാനത്തിൽ നടത്തിയ പരിശോധനയിലാണ് പ്രതികൾ പിടിയിലായത്. മണ്ണന്തല എസ്.ഐ ഗോപിചന്ദ്രൻ, പ്രൊബേഷൻ എസ്.ഐ സജിത് സജീവ്, എ.എസ്.ഐ മനോജ്, സി.പി.ഒ അജീഷ് എന്നിവരടങ്ങിയ പോലീസ് സംഘമാണ് പ്രതികളെ അറസ്റ്റ് ചെയ്തത്. മയക്കമരുന്നിന്റെ ഉറവിടം സംബന്ധിച്ച് നാർക്കോട്ടിക് സെൽ അസ്സിസ്റ്റന്റ് കമ്മീഷണർ ഷീൻ തറയലിന്റെ നേതൃത്വത്തിലുള്ള ടീം കൂടുതൽ അന്വേഷണം നടത്തും.

## ജനൽകമ്പി ഇളക്കി വീട്ടിൽ കയറി മോഷണം : പ്രതി പിടിയിൽ

തിരുവനന്തപുരം :- വീടിന്റെ അടുക്കളയുടെ ജനൽകമ്പി ഇളക്കി അകത്ത് കടന്ന് വിലപിടിപ്പുള്ള രണ്ട് മൊബൈൽ ഫോണുകളും വാച്ചും മോഷണം ചെയ്തെടുത്ത ആളെ



കോവളം പോലീസ് അറസ്റ്റ് ചെയ്ത മുഹമ്മദ് ഹാജ (20)

പോലീസ് പിടികൂടിയതായി ഐ.ജി.പി-യും തിരുവനന്തപുരം സിറ്റി പോലീസ് കമ്മീഷണറുമായ ബൽറാംകുമാർ ഉപാദ്ധ്യായ അറിയിച്ചു. വിഴിഞ്ഞം ടൗൺഷിപ്പ് കോളനിയിൽ താമസം മുഹമ്മദ് ഹാജ (20)-യെ ആണ് കോവളം പോലീസ് അറസ്റ്റ് ചെയ്തത്. ഹാർബർ റോഡിൽ മെഹജിബിൻ മൻസിൽ ഇസമുദ്ദീന്റെ വീട്ടിൽ കഴിഞ്ഞ 2-ാം തീയതി ആളില്ലാതിരുന്ന സമയം രാത്രിയാണ് മോഷണം നടന്നത്. പ്രതിയെ പിടികൂടുന്നതിനായി പ്രത്യേക അന്വേഷണസംഘം രൂപീകരിച്ചിരുന്നു. അന്വേഷണസംഘം സമീപത്തുള്ള സി.സി.റ്റി.വി ക്യാമറകൾ പരിശോധിച്ച് മോഷ്ടാവിനെ

തിരിച്ചറിയുകയും കഴിഞ്ഞ ദിവസം പിടികൂടുകയുമായിരുന്നു. മോഷ്ടിച്ചെടുത്തതിൽ ഒരു മൊബൈൽ ഫോൺ പ്രതിയുടെ വീട്ടിൽ നിന്നും കണ്ടെടുത്തിട്ടുണ്ട്. രണ്ടാമത്തെ മൊബൈൽ ബീമാപള്ളിയിലെ കടയിൽ വിറ്റതായി പോലീസ് ചോദ്യം ചെയ്തതിൽ സമ്മതിച്ചിട്ടുണ്ട്. കോവളം എസ്.എച്ച്.ഒ പി.അനിൽ കുമാർ, എസ്.ഐ അനീഷ് കുമാർ, സി.പി.ഒ-മാരായ ഷിബു, വിജേഷ്, ഷൈജു എന്നിവരടങ്ങിയ പോലീസ് സംഘമാണ് അന്വേഷണത്തിനും അറസ്റ്റിനും നേതൃത്വം നൽകിയത്.

തിരുവനന്തപുരം സിറ്റി
10-01-2021

ഐ ജി പി & കമ്മീഷണർക്ക് വേണ്ടി

10/1/21

പബ്ലിക് റിലേഷൻസ് ഓഫീസർ
തിരുവനന്തപുരം സിറ്റി